# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികള്‍ സമയബന്ധിതമായി പൂര്‍ത്തീകരിക്കാന്‍ നടപടി</u>

1426 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുനിസിപ്പാലിറ്റികളിലും കോര്‍പ്പറേഷനുകളിലുമായി കേന്ദ്ര ത്തില്‍നിന്ന് ലഭ്യമായിട്ടുള്ള പദ്ധതികള്‍ ഏതെല്ലാം;

(ബി) ഓരോ പദ്ധതിയിലുമായി എന്തു തുകയാണ് അനുവദിച്ചത്; പ്രസ്തുത തുക അനുവദിച്ചുകിട്ടിയത് എന്നാണ്;

(സി) പ്രസ്തുത പദ്ധതികള്‍ പൂര്‍ത്തിയാക്കേണ്ട കാലാവധി എന്നായിരുന്നു;

(ഡി) സമയബന്ധിതമായി പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികള്‍ പൂര്‍ത്തിയാക്കാന്‍ കഴിയാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതികള്‍ പൂര്‍ത്തിയാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) യു.ഐ.ഡി.എസ്.എസ്.എം.ടി അനുവദിച്ചുകിട്ടിയ നഗരസഭകള്‍ ഏതെല്ലാം; ഒരോ നഗരസഭയ്ക്കും ഏതെല്ലാം പദ്ധതികള്‍ക്കായി എന്തു തുകയാണ് അനുവദിച്ചുകിട്ടിയത്;

(ജി) ഓരോ പദ്ധതിയും തുടങ്ങിയത് എന്നാണ്; പ്രസ്തുത പദ്ധതികള്‍ അവസാനിപ്പിക്കുവാനുള്ള കാലാവധി എന്നാണെന്നറിയിക്കുമോ;

(എച്ച്) ഒറ്റപ്പാലം നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി പൂര്‍ത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

(ഐ) എങ്കിൽ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടി

1427 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വിനോദസഞ്ചാരകേന്ദ്രങ്ങളിലും പൊതുസ്ഥലങ്ങളിലും ചുറ്റിത്തിരിയുന്ന തെരുവുനായ്ക്കളെ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>നഗരസഭകളുടെ ഭൂമിയിൽ വിനോദസഞ്ചാര–വാണിജ്യ പദ്ധതികൾ</u>

1428 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഭൂമിയിൽ വിനോദസഞ്ചാര–വാണിജ്യ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഫാർമസിസ്റ്റ് തസ്തികകൾ</u>

1429 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഫാർമസിസ്റ്റുകളുടെ ആകെ എത്ര തസ്തികകൾ നിലവിലുണ്ട്; പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര പേർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരസഭയിൽ ഫാർമസിസ്റ്റിന്റെ എത്ര തസ്തികകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

'സാനിറ്ററി ലാന്റ്ഫില്‍' സംവിധാനം

1430 ശ്രീ. എന്‍. എ നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്ലാസ്റ്റിക് ഉള്‍പ്പെടെയുള്ള വസ്തുക്കള്‍ ശാസ്ത്രീയമായി നിര്‍മ്മാര്‍ജ്ജനം ചെയ്യുന്നതിനുള്ള 'സാനിറ്ററി ലാന്റ്ഫില്‍' സംവിധാനം ഏതൊക്കെ നഗരസഭകളില്‍ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നല്‍കുമോ;

(ബി) ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് പ്രയോജനപ്പെടുന്ന രീതിയില്‍ 'കോമണ്‍ലാന്റ് ഫില്‍' സംവിധാനം ഏര്‍പ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) മാലിന്യസംസ്കരണത്തിനുവേണ്ടി 'സാനിറ്ററി ലാന്റ് ഫില്‍' സംവിധാനം ഗ്രാമപഞ്ചായത്തുകളില്‍ നടപ്പിലാക്കുന്നത് പരിഗണിക്കുമോ; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഖരമാലിന്യസംസ്ക്കരണം</u>

1431 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) അടുത്ത സാമ്പത്തികവർഷത്തിൽ എല്ലാ നഗരകേന്ദ്രങ്ങളിലും ആധുനികരീതിയിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനം നിർബ്ബന്ധമായും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

മാലിന്യനിർമ്മാർജ്ജനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

T 1432 ശ്രീ.എം ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്കരിക്കുവാൻ പ്രയാസമുള്ള പ്ലാസ്റ്റിക്, ഗ്ലാസ്, തുടങ്ങിയ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നഗരസഭകൾ മാലിന്യനിർമ്മാർജ്ജനത്തിനായി നീക്കി വച്ചിട്ടുള്ള തുക</u>

1433 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിന് നഗരസഭകൾ എത്രത്തോളം പ്രാധാന്യം നല്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) അടുത്ത വർഷത്തെ നഗരസഭകളുടെ ബജറ്റിൽ കൂടുതൽ തുക ഇതിനായി നീക്കിവയ്ക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ടോ:

(സി) 2013- 14 വർഷത്തിൽ ഓരോ നഗരസഭയും മാലിന്യനിർമ്മാർജ്ജനത്തിനായി സ്വന്തം ഫണ്ടിൽ നിന്ന് നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>നഗരതൊഴിലുറപ്പ് പദ്ധതി</u>

1434 ശ്രീ. കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര തൊഴിലുറപ്പുപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി തൊഴിൽ ബജറ്റും കർമ്മപദ്ധതികളും നഗരസഭകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>അയ്യൻകാളി തൊഴിലുറപ്പുപദ്ധതി</u>

1435 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നഗര ശുചീകരണ പദ്ധതിയുമായി ബന്ധപ്പെടുത്തി അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ പത്തു കോടി രൂപയിൽ എത്ര തുക എന്തെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരാമത്തു വകുപ്പ് നേരിട്ട് റീ ടാറിംഗ് നടത്തിയ നടപടി</u>

1436 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ എത്ര റോഡുകളാണ് 2012 -13 വർഷത്തിൽ പൊതുമരാമത്തു വകുപ്പ് നേരിട്ട് റീ ടാറിംഗ് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് റീടാറിംഗ് നടത്താനിടയാക്കിയ സാഹചര്യവും അതിന് നിശ്ചയിച്ച മാനദണ്ഡവും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് നിർവഹിച്ച പ്രവൃത്തിക്ക് അതേവർഷം കോർപ്പറേഷൻ കോൺട്രാക്ടർക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് പേയ്മെന്റ് നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരസഭയിലെ ആരോഗ്യ വിഭാഗത്തിലെ ഒഴിവുകൾ</u>

1437 ശ്രീ.എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരസഭയുടെ ആരോഗ്യവിഭാഗത്തിൽ എത്ര അലോപ്പതി/ആയുർവേദ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

### <u>കോഴിക്കോട് നഗരസഭയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1438

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരസഭയിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുകയും പദ്ധതിനിർമ്മാണ കാലാവധിയും വിശദമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് നഗരസഭ പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലങ്ങൾ</u>

1439 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഏതൊക്കെ സ്ഥലങ്ങൾ പാട്ടത്തിനു നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആർക്കെല്ലാമാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്നും പാട്ടക്കാലാവധി എത്രയെന്നും വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചുവരുന്ന ഏതൊക്കെ സ്ഥലങ്ങളുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കുമോ;

(ഡി) പാട്ടത്തുകയായി ഒരോ വർഷവും എന്തു തുക നഗരസഭയ്ക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് കോർപ്പറേഷനിലെ ഉറവിട മാലിന്യ സംസ്കരണം</u>

1440 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് കേർപ്പറേഷനിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

ആറ്റിങ്ങൽ നഗരസഭയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം

1441 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നഗരസഭയുടെ നൂറാം വാർഷകാഘോഷങ്ങളുടെ ഭാഗമായി നഗരകാര്യ വകുപ്പിന് സമർപ്പിച്ച അഞ്ചു കോടി രൂപയുടെ റോഡുവികസന പദ്ധതിയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ആറ്റിങ്ങൽ നഗരസഭയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കുന്നംകുളം ബസ്സ്റ്റാന്റ് നിർമ്മാണം</u>

1442 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നഗരസഭയിലെ നിർദ്ദിഷ്ട ബസ്സ്റ്റാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി കുന്നംകുളം നഗരസഭ 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) ബസ്സ്റ്റാന്റ് നിർമ്മാണത്തിന് എത്ര തുകയുടെ പദ്ധതിക്കാണ് നഗരസഭ അനുമതി തേടിയിട്ടുള്ളത്;

(ഡി) ബസ്സ്റ്റാന്റ് നിർമ്മാണത്തിനുള്ള പദ്ധതിച്ചെലവ് ഏത് ഏജൻസിയിൽ നിന്നാണ് നഗരസഭ കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കൽപ്പറ്റ നഗരസഭയിലെ</u>
<u>യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയുടെ പ്രവർത്തനം</u>

1443 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നഗരസഭയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഓരോ പാക്കേജും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എന്തു തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**22.03.2013-ലെ മറുപടിക്ക്**

<u>ചാലക്കുടി മുനിസിപ്പൽ പട്ടണത്തിലെ മലിനീകരണം</u>

T. 1444 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മുനിസിപ്പൽ പട്ടണത്തിലെ രൂക്ഷമായ മലിനീകരണ പ്രശ്നം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് നഗരസഭയിലെ മാലിന്യ സംസ്കരണ പദ്ധതി</u>

1445 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിൽ മാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ധനസഹായം നൽകിയിരുന്നുവോയെന്നും ഏത് ഏജൻസി മുഖേന എന്തു തുക നൽകിയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും ആകെ എന്തു തുക പ്രസ്തുത പദ്ധതിക്കായി അനുവദിച്ചെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാവുകയും മാലിന്യ സംസ്കരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കാസർഗോഡ് ജില്ലയിൽ മറ്റെവിടെയെങ്കിലും മാലിന്യസംസ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അവ പ്രവർത്തിക്കുന്നുണ്ടോയെന്നും അറിയിക്കുമോ;

(എഫ്) മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിലും പ്രവർത്തനത്തിലും ഉണ്ടായ വീഴ്ചകൾക്കും ധനദുർവിനിയോഗത്തിനുമെതിരെ അന്വേഷണവും ഉത്തരവാദികളായവർക്കെതിരെ നിയമ നടപടിയും സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കേരള സുസ്ഥിര നഗരവികസന പദ്ധതി</u>

1446 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. പ്രദീപ്കുമാർ
,, ബാബു എം. പാലിശ്ശേരി
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം വായ്പാരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയക്രമത്തിൽ പൂർത്തികരിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി മുടങ്ങിയതിന്റെ ഭാഗമായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് പിഴ നൽകേണ്ടതായി വന്നിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) ഏതെല്ലാം പ്രോജക്ട് ഘടകങ്ങളാണ് 2012-13-ൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പാക്കാൻ സാധിച്ചതെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് പ്രസ്തുത പദ്ധതികൾ 2012-13-ൽ നടപ്പാക്കപ്പെട്ടിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വര്‍ദ്ധിച്ചു വരുന്ന നഗരവല്‍ക്കരണം</u>

1447 ശ്രീ. പി. സി. ജോര്‍ജ്
,, എന്‍. ജയരാജ്
,, റോഷി അഗസ്റ്റിന്‍
.. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നഗരവല്‍ക്കരണത്തിന്റെ തോത് വര്‍ദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പുതുതായി രൂപം കൊണ്ടിട്ടുള്ള നഗരപ്രദേശങ്ങള്‍ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നഗരവല്‍ക്കരണത്തിന്റെ സവിശേഷതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) നഗരവല്‍ക്കരണത്തിന്റെ വ്യാപനം മുന്‍കൂട്ടിക്കണ്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തുന്നതിനും അനുയോജ്യമായ പദ്ധതികള്‍ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## <u>കെട്ടിട നിർമ്മാണ ച്ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ</u>

1448

ശ്രീ. എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. വി. വിജയദാസ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; ബിൽഡേഴ്സിനുവേണ്ടി ബിൽഡേഴ്സ് ഉണ്ടാക്കിയ ഭേദഗതികളാണിവ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചട്ടങ്ങളിൽ വരുത്തിയിരിക്കുന്ന ഭേദഗതി നിർമ്മാണ മേഖലയിലെ ആർക്കെല്ലാം ഏതെല്ലാം തരത്തിൽ ഗുണകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) ചട്ടങ്ങളിലെ ഭേദഗതി നാഷണൽ ബിൽഡിംഗ്സ് റൂൾസിലെ സുരക്ഷാക്രമീകരണങ്ങൾ ഒന്നും തന്നെ പാലിക്കാതെയുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

**കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ വന്ന മാറ്റങ്ങളും സർക്കാർ നിലപാടും**

1449 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ വന്ന മാറ്റങ്ങൾ മൂലം പ്രസ്തുത മേഖലയിൽ നിക്ഷേപത്തിനുള്ള സാധ്യതകൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വർദ്ധനവിന് അനുസൃതമായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ ആവശ്യകതയും വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സാഹചര്യങ്ങൾ നേരിടുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത സാഹചര്യം മുൻനിർത്തി 'അഫോർഡബിൾ ഹൗസിംഗ്' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഇ) എങ്കിൽ 2013-14 സാമ്പത്തിക വർഷം പ്രസ്തുത ആശയവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കെട്ടിടനമ്പര്‍ കിട്ടാത്ത വീടുകള്‍ക്ക് നമ്പര്‍ നല്‍കുവാന്‍ നിയമ നിര്‍മ്മാണം</u>

1450 ശ്രീ. ജോസഫ് വാഴക്കന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വര്‍ക്കല കഹാര്‍
പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ സാങ്കേതിക കാരണങ്ങളാല്‍ കെട്ടിടനമ്പര്‍ കിട്ടാത്ത വീടുകള്‍ക്ക് നമ്പര്‍ നല്‍കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കില്‍ പ്രസ്തുത നടപടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമെന്നറിയിക്കുമോ;

(സി) ആയതിനായി നിയമനിര്‍മ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>വൻകിട കെട്ടിട നിർമ്മാണങ്ങൾക്കുള്ള അനുമതി</u>

1451 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വൻകിട സംരംഭങ്ങൾക്കുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ആയതിനായി 'ഏകജാലക സംവിധാനം' ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ</u>

1452 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണച്ചട്ടങ്ങൾ ചെറിയതോതിൽ ലംഘിക്കപ്പെട്ടുകൊണ്ട് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് നല്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം എത്രമാത്രം കെട്ടിട ഉടമസ്ഥരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അനധികൃത കെട്ടിടനിർമ്മാണങ്ങൾക്ക് സാധൂകരണം നൽകുന്ന നടപടി</u>

1453

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്
,, എം. ഹംസ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊളളുന്നതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(സി) അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കുന്നതിന് ഒരേ മാനദണ്ഡം അനുസരിച്ചുളള സമീപനമാണോ സ്വീകരിക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഏതു തീയതി മുതലുളള അനധികൃത കെട്ടിട നിർമ്മാണങ്ങളാണ് സാധൂകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ; പ്രസ്തുത തീയതി തെരഞ്ഞെടുക്കാനുളള മാനദണ്ഡം എന്തായിരുന്നെന്നറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിന് നടപടി</u>

1454 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ചട്ടങ്ങൾ ലംഘിച്ചു നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ പിഴ ഈടാക്കി ക്രമപ്പെടുത്തി നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി</u>

1455 ശ്രീ. ബെന്നി ബഹനാൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അടുത്തിടെ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭേദഗതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) നഗരങ്ങളിൽ ഫ്ളാറ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത ഭേദഗതികൾ സഹായകരമാകും എന്നു കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

**തിരുവനന്തപുരം നഗരസഭയുടെ ടൗൺപ്ലാനിംഗുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ**

1456 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ ടൗൺപ്ലാനിംഗുമായി ബന്ധപ്പെട്ട കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; പ്രസ്തുത കരടു മാസ്റ്റർപ്ലാനിന്റെ ഫെയർ എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരട് മാസ്റ്റർപ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണലിൽ റിവൈസ്ഡ് മാസ്റ്റർപ്ലാനിൽപ്പെട്ട എത്ര അപേക്ഷകൾ 2013-ൽ ലഭിച്ചിട്ടുണ്ടെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) റിവൈസ്ഡ് മാസ്റ്റർപ്ലാനിൽപ്പെട്ട പത്തു വർഷങ്ങൾക്കു മുമ്പ് നികത്തിയ പുരയിടങ്ങൾക്ക് ആർ.എ1/4545/2011 നമ്പർ എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം നഗരസഭയുടെ ഉള്ളൂർ സോണലിൽ നിന്ന് 2013-ൽ അനുമതി നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഇ) ആർ.എം.പി.സ്കീമുകളിൽപ്പെട്ട കെട്ടിട നിർമ്മാണ അപേക്ഷകളിൽ പ്രസ്തുത സർക്കുലർ ബാധകമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) ആർ.എം.പി.സ്കീമുകളിലുൾപ്പെട്ട പഴയനിലം നികത്തൽ പുരയിടങ്ങൾക്ക് തിരുവനന്തപുരം നഗരസഭയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമം വ്യക്തമാക്കുമോ;

(ജി) തിരുവനന്തപുരം നഗരസഭ ആർ.എ1/4545/2011 എൽ.എസ്.ജി.ഡി. നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ;

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

(എച്ച്) കാലാകാലങ്ങളിലുണ്ടാകുന്ന ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കെട്ടിട നിര്‍മ്മാണാനുമതി നല്‍കുന്നതിനുള്ള അധികാര പരിധി വര്‍ദ്ധിപ്പിച്ച നടപടി</u>

1457 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിന്‍സെന്റ്
,, ഷാഫി പറമ്പില്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ കെട്ടിട നിര്‍മ്മാണത്തിനുള്ള അനുമതി നല്‍കുന്നതിന് നഗരസഭകള്‍ക്കും ജില്ലാ ടൗണ്‍ പ്ലാനര്‍മാര്‍ക്കുമുണ്ടായിരുന്ന അധികാര പരിധി വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വര്‍ദ്ധിപ്പിച്ച അധികാര പരിധി സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ആയതു സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളില്‍ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ</u>

1458 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനമേഖലകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിനിയോഗം</u>

1459 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത തുകയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത തുകയിൽ ഇതേ വരെ വിനിയോഗിച്ച തുക എത്രയാണെന്നറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ന്യൂനപക്ഷവിഭാഗങ്ങൾക്ക് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ;

(ജി) ചില പ്രത്യേക ന്യൂനപക്ഷങ്ങൾക്കു മുൻഗണന നൽകി പ്രസ്തുത തുക വിനിയോഗിച്ചുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ അപ്രകാരമുള്ള പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ</u>

1460 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നറിയിക്കുമോ;

(ഡി) ആയതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഇ) നീക്കിവച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷങ്ങൾക്കായി നടപ്പാക്കിയ പുതിയ പദ്ധതികൾ</u>

1461 ശ്രീ. എസ് ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷങ്ങൾക്കായി നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ</u>

1462 ശ്രീ. എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി/എസ്.ടി പ്രൊമോട്ടർമാരെ നിയമിക്കുന്ന മാതൃകയിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊമോട്ടർമാരെ നിയമിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രൊമോട്ടർമാർ മുഖേന എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ പ്രൊമോട്ടർമാർ</u>

1463 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ പ്രൊമോട്ടർമാരായി എത്ര പേരെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രൊമോർട്ടർമാർ ഏതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രൊമോർട്ടർമാരിൽ മുസ്ലീംങ്ങൾ, ക്രിസ്ത്യാനികൾ, പാർസികൾ, ബുദ്ധന്മാർ, സിക്കുകാർ, ജൈനൻമാർ എന്നീ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ചില സംഘടനകൾ പ്രസ്തുത പ്രൊമോട്ടർമാരെ മതപ്രബോധകരായും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസ് സെക്രട്ടറിമാരായും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## <u>ന്യൂനപക്ഷക്ഷേമ കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ</u>

1464

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് എന്തെല്ലാം അടിസ്ഥാന യോഗ്യതകളാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ ശുപാർശകൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) നിലവിൽ വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്കു പുറമേ എന്തെല്ലാം അധികച്ചുമതലകളാണ് പ്രസ്തുത കോ-ഓർഡിനേറ്റർമാർ നിർവഹിക്കേണ്ടി വരുന്നത് എന്നറിയിക്കുമോ ?